# കേരള സർവകലാശാല

നം. പി.ആർ.216/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്
## ഒന്നാം വർഷ ബിരുദ പ്രവേശനം – 2017
## സ്പോട്ട് അഡ്മിഷൻ
## 2017 ഒക്ടോബർ 09–ന് കോളേജ് തലത്തിൽ

കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ., എയ്ഡഡ്, സ്വാശ്രയ കോളേജുകൾ, യു.ഐ.ടി.കൾ, ഐ.എച്ച്.ആർ.ഡി.കോളേജുകൾ എന്നിവിടങ്ങളിലെ 2017–18–ലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഒക്ടോബർ 9–ാം തീയതി അതത് കോളേജുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തും. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 11 മണി വരെ ഹാജരാകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. നിശ്ചിതസമയത്തിനകം ഹാജരാകുന്ന വിദ്യാർത്ഥികളുടെ റാങ്ക് പട്ടിക തയ്യാറാക്കി ഉച്ചയ്ക്ക് 12 മുതൽ പ്രവേശനം നടത്തുന്നതാണ്. വിദ്യാർത്ഥികൾക്ക് നേരിട്ടോ ചുമതലപ്പെട്ട വ്യക്തി (നോമിനി) മുഖേനയോ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

ആവശ്യമായ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും (ടി.സി. ഉൾപ്പടെ) കൈവശമുള്ളവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ നോൺ–ക്രീമിലെയർ/ ജാതി തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത പക്ഷം അവരെ സംവരണ സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ അധിക സമയം അനുവദിയ്ക്കുന്നതല്ല.

ഓൺലൈൻ അപേക്ഷയിൽ ഗവ., എയ്ഡഡ് കോളേജുകളിലെ കോഴ്സുകൾ ഓപ്ഷനായി നൽകിയിട്ടുള്ള വിദ്യാർത്ഥികളെ മാത്രമേ സ്പോട്ട് അഡ്മിഷനുവേണ്ടി അതത് കോളേജുകളിൽ പരിഗണിക്കുകയുള്ളൂ. എന്നാൽ യു.ഐ.ടി.കളിലും സ്വാശ്രയ കോളേജുകളിലും ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരെ പരിഗണിച്ച ശേഷം വരുന്ന ഒഴിവുകളിലേയ്ക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാത്തവരേയും ഓൺലൈൻ അപേക്ഷയിൽ ഓപ്ഷൻ നൽകാത്തവരേയും മാനേജ്മെന്റ് ക്വാട്ടയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരേയും പരിഗണിക്കുന്നതാണ്.

എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 840/– രൂപയും ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1525/– രൂപയുമാണ് സർവകലാശാല പ്രവേശന ഫീസ്. പ്രവേശനം ലഭിച്ചാൽ ഉടൻ തന്നെ ഈ ഫീസ് ഒടുക്കേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും കൈവശം ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രിന്റൗട്ട് ഹാജരാക്കാത്ത ആരേയും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുന്ന ഒഴിവുകളുടെ വിവരം സർവകലാശാല അഡ്മിഷൻ പോർട്ടലിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും. ഒഴിവുകളുടെ

വിശദാംശങ്ങൾ പരിശോധിച്ച ശേഷം മാത്രം അതത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

## പി.ജി പ്രവേശനം 2017-18 : ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു - ഒക്ടോബർ 5, 6, 7 തീയതികളിൽ കോളേജ് പ്രവേശനം

കേരള സർവകലാശാല 2017-2018 അദ്ധ്യയന വർഷത്തെ പി.ജി. പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 900 രൂപയും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിന് 340 രൂപയും ആണ്. ഒന്ന്, രണ്ട് അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 ഒക്ടോബർ അഞ്ച് മുതൽ ഏഴ് വരെയുള്ള തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. രണ്ടാം അലോട്ട്മെന്റിനുശേഷം കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽപറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അഡ്മിഷൻ എടുത്തവർ ആ സീറ്റിൽ സംതൃപ്തരാണെങ്കിൽ ഒക്ടോബർ ഒൻപത് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് അവരുടെ ഹയർ ഓപ്ഷനുകൾ നീക്കം ചെയ്യേണ്ടതാണ്. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നു വരുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## എൽ.എൽ.എം, എം.ബി.എൽ പരീക്ഷകൾ

കേരള സർവകലാശാല ഒക്ടോബർ മുതൽ നടത്തുന്ന നാലാം സെമസ്റ്റർ എൽ.എൽ.എം, മൂന്നാം സെമസ്റ്റർ എം.ബി.എൽ, നവംബറിൽ നടത്തുന്ന

ഒന്നാം സെമസ്റ്റർ എൽ.എൽ.എം, എം.ബി.എൽ പരീക്ഷകൾക്ക് ഫൈനില്ലാതെ ഒക്ടോബർ 19 വരെയും (50 രൂപ ഫൈനോടുകൂടി ഒക്ടോബർ 21 വരെയും 125 രൂപ ഫൈനോടുകൂടി ഒക്ടോബർ 23) വരെയും ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കണം. നാലാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷയുടെ ഡിസേർട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 16. 2004, 2009, 2010, 2011 അഡ്മിഷൻസ് എൽ.എൽ.എം വിദ്യാർത്ഥികൾക്ക് 2000/- രൂപ മേഴ്സിചാൻസ് ഫീ അടച്ച് തോറ്റ വിഷയങ്ങൾ എഴുതാവുന്നതാണ്.

## പരീക്ഷാഫലം

കേരള സർവകലാശാല മേയ്യിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ സി.ബി.സി.എസ്.എസ് (സപ്ലിമെന്ററി) (2010 അഡ്മിഷൻ, 2013-ന് മുമ്പുള്ള അഡ്മിഷൻ മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്. സൂക്ഷ്മ പരിശോധനയ്ക്കും പുനഃപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 28.

## എം.എ വിദ്യാർത്ഥികൾ അസൈൻമെന്റ് സമർപ്പിക്കണം

കേരള സർവകലാശാല വിദൂര പഠനവിഭാഗം വഴി എം.എ ഒന്നും രണ്ടും വർഷ പരീക്ഷകൾ എഴുതിക്കഴിഞ്ഞിട്ടും അസൈൻമെന്റ് സമർപ്പിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 31 ന് മുമ്പ് അസൈൻമെന്റുകൾ വിദൂര പഠനവിഭാഗത്തിൽ സമർപ്പിക്കണം. ബന്ധപ്പെട്ട കോ-ഓഡിനേറ്ററിൽ നിന്ന് ചോദ്യങ്ങൾ ലഭ്യമാകുമെന്ന് ഡയറക്ടർ അറിയിച്ചു.

## അഡ്മിഷൻ തീയതി നീട്ടി

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വെള്ളറട, തിരുവനന്തപുരം വൈറ്റ് മെമ്മോറിയൽ കോളേജ് ഓഫ് ആർട്ട്സ് & സയൻസ് ഫോർ വിമൻ, നടത്തുന്ന ബി.എൽ.ഐ.എസ്.സി ഡിഗ്രി കോഴ്സിലേക്ക് 2017-18 അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ തീയതി നീട്ടിയിരിക്കുന്നു. പുതുക്കിയ വിജ്ഞാപനം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## ഹാൾടിക്കറ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ഒക്ടോബർ 9-ാം തീയതി മുതൽ നടത്തുന്ന പി.ജി.ഡി.ഡി.എൻ, പി.ജി.ഡി.എ.പി, പി.ജി.ഡി.സി.എ.എഫ്.സി, പി.ജി.ഡി.ബി.റ്റി ഡിപ്ലോമ കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷയുടെ ഹാൾടിക്കറ്റ് സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, പാളയത്തു നിന്നും സെപ്റ്റംബർ 5 മുതൽ ലഭിക്കുന്നതാണ്.

## എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒൻപതാം സെമസ്റ്റർ ബി.എ. എൽ.എൽ.ബിപരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഒക്ടോബർ ഏഴ് മുതൽ 13 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ പു:നപരിശോധനാ വിഭാഗത്തിൽ (ഇ.ജെ.1) എത്തിച്ചേരേണ്ടതാണ്.

## പി.ജി. പ്രവേശനം 2017 മാനേജ്മെന്റ് ക്വാട്ട ലിങ്ക്

കേരള സർവകലാശാലയുടെ 2017-2018 അധ്യയന വർഷത്തിലെ പി.ജി. പ്രവേശനത്തിനുള്ള മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷനുള്ള ലിങ്ക് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്. ഒരു പ്രാവശ്യം ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും രജിസ്ട്രേഷൻ നടത്തേണ്ടതില്ല. ആദ്യത്തെ ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ട് മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിനും ഉപയോഗിക്കാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു ഓൺലൈൻ രജിസ്ട്രേഷൻ മതിയാകും.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നെടുമങ്ങാട് പനവൂർ മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ് ക്ലാസുകൾ ഒക്ടോബർ എട്ട് മുതൽ ആരംഭിക്കുന്നു. ഈ കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കോഴ്സ് കാലാവധി ആറ് മാസം. യോഗ്യത. പ്ലസ്ടു/പ്രീഡിഗ്രി. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ. അപേക്ഷ കോളേജിലെ തുടർവിദ്യാഭ്യാസ യൂണിയിറ്റിൽ നിന്നും ലഭിക്കും. അപേക്ഷഫീസ് 110 രൂപ. ഫോൺ. 0472-2867555, 7293973530.

## ലാബ് പരീക്ഷകൾ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി എക്സാമിനേഷൻ 2017 (2008 & 2013 സ്കീം) ലാബ് പരീക്ഷകൾ ഒക്ടോബർ ഒൻപത് മുതൽ ആരംഭിക്കുന്നതാണ്. പ്രസ്തുത ലാബ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളും പരീക്ഷാസെന്ററുമായി ബന്ധപ്പെടുക.

## സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഒക്ടോബർ 24നും നവംബർ ആറിനും ആരംഭിക്കുന്ന ഒന്നും രണ്ടുംവർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ആനുവൽ സ്കീം സപ്ലിമെന്ററി പരീക്ഷകളുടെ (2013 അഡ്മിഷനു മുമ്പും 2013 അഡ്മിഷൻ മുതലും) ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## പരീക്ഷ മാറ്റി

കേരള സർവകലാശാല ഒക്ടോബർ 9, 11 തീയതികളിൽ നടത്താനിരുന്ന പാർട്ട് മൂന്ന് പ്രാക്ടിക്കൽ ട്രെയിനിംഗ് എൽ.എൽ.ബി (ത്രിവത്സരം, പഞ്ചവത്സരം) (1998-ന് മുമ്പുള്ളതും, 1998 അഡ്മിഷനും) (പുതിയതും പഴയ സ്കീമും) പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ പരീക്ഷാതീയതി പിന്നീട് അറിയിക്കും.

## ബി.എസ്സി - സൂക്ഷ്മപരിശോധന

കേരള സർവ്വകലാശാല ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ഹിയറിംഗ് ഇംപയേർഡ് പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഒക്ടോബർ ഏഴ് മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ EJ III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം.
06.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**